**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2616** **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണവകുപ്പിന്റെ പലിശനിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ പലിശ നിർണയത്തിലെ അപാകത മൂലം ഭൂരിഭാഗം പ്രാഥമിക സഹകരണസംഘങ്ങൾക്കും നിക്ഷേപ സ്വീകരണം സാമ്പത്തിക ബാധ്യതയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | സംസ്ഥാനത്തെ സഹകരണ വകുപ്പിലെ പലിശ നിർണയം നടത്തുന്നത് ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള പലിശ നിർണയ ഉന്നതതല സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആണ്. റിസർവ്വ് ബാങ്കിന്റെ വായ്പാ നയങ്ങൾക്കനുസൃതമായി ഇതര ബാങ്കിംഗ് സ്ഥാപനങ്ങളുടെയും സംസ്ഥാന ട്രഷറിയുടേയും പലിശയുമായി താരതമ്യം നടത്തിയാണ് സഹകരണ മേഖലയിലെ പലിശ നിർണയിച്ച് പോരുന്നത്.<br><br>നിലവിൽ ഇതര ബാങ്കിംഗ് സ്ഥാപനങ്ങളെ അപേക്ഷിച്ച് വിവിധ കാലയളവിലെ നിക്ഷേപങ്ങൾക്ക് 0.50 ശതമാനം മുതൽ 1.50 ശതമാനം വരെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്കിൽ വർധനവുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ അംഗങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസമാണ് സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ വർദ്ധനവിന് കാരണം. ഇത് സംഘങ്ങൾക്ക് ബാധ്യതയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ